പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*397 20.07.2015 -ലെ മറുപടിയ്ക്ക്

# ഏകീകൃത ഫീസ് സംവിധാനം

*ചോദ്യം*

ശ്രീ.വി. ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
,, എം. ഹംസ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന വിവിധ ഫീസുകൾക്ക് ഏകീകൃത സ്വഭാവമുണ്ടോ; | (എ) | ഇല്ല. ഓരോ സർവ്വകലാശാലയും തീരുമാനിക്കുന്നതനുസരിച്ചാണ് ഫീസ് ഘടന നിശ്ചയിക്കുന്നത്. |
| (ബി) | ഒരേ ആവശ്യത്തിന് വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത ഫീസ് ഘടന സ്വീകരിക്കുന്നത് ഉചിതമാണോ; | (ബി) | സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. |
| (സി) | പഠനത്തിനുള്ള ഫീസും വിവിധ സേവനങ്ങൾക്കുള്ള ഫീസും സർവ്വകലാശാലകൾ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | അടുത്തകാലത്ത് ഫീസ് വർദ്ധന നടപ്പാക്കിയിട്ടില്ലെന്ന് മഹാത്മാഗാന്ധി, ശ്രീ ശങ്കരാചാര്യ, കണ്ണൂർ സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓരോ വർഷവും 5% വീതം ഫീസ് വർദ്ധന നടപ്പാക്കുന്നുണ്ട്. |
| (ഡി) | കോഴിക്കോട് സർവ്വകലാശാല ഈയിടെ എല്ലാതരം ഫീസുകളും വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ശതമാനമാണ് ഓരോ ഇനത്തിലുമുള്ള വർദ്ധനവെന്ന് വ്യക്തമാക്കാമോ; | | കോഴിക്കോട് സർവ്വകലാശാല 2007 ന് ശേഷം പരീക്ഷ ഫീസുകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 8 വർഷത്തിന് ശേഷം 2015 ൽ ശരാശരി 67% വർദ്ധന വരുത്തിയിട്ടുണ്ട്. |
| (ഇ) | അടിക്കടിയുള്ള ഫീസ് വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അടിയ്ക്കടിയുള്ള ഫീസ് വർദ്ധന ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ